"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഡോ.സാംജി ഡേവിഡ്, മുനിസിപ്പൽ സെക്രട്ടറി (റിട്ട) ന് എതിരായ അച്ചടക്ക നടപടിയിൽ തുടർ നടപടി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1160/2023/LSGD തീയതി,തിരുവനന്തപുരം, 03-06-2023

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.08.2006 ലെ ഇ11 (എസ്സ്.സി.10/2004/ഡബ്ല്യൂ.വൈ.ഡി) 38653/03 നമ്പർ അന്വേഷണ റിപ്പോർട്ട്
2. 21.03.2011 ലെ 45833/ഇ.യു1/2006/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ
3. ഡോ.സാംജി ഡേവിഡ് സമർപ്പിച്ച 05.08.2011 ലെ പ്രതിവാദ പത്രിക
4. നഗരകാര്യ ഡയറക്ടറുടെ 28.11.2015,23.10.2020 തിയതികളിലെ വി2-19999/15 നമ്പർ കത്ത്
5. 27.10.2016 ലെ സ.ഉ(സാധാ)നം.2951/2016/തസ്വഭവ നമ്പർ ഉത്തരവ്
6. 5.07.2017 ലെ 45833/ഇയു1/2006-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 30.06.2018 ലെ A1 (2) 9540/17/GW നമ്പർ കത്ത്
8. 03.03.2020 ലെ 45833/ഇയു1/2006-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ്**

ഡോ.സാംജി ഡേവിഡ് കൽപ്പറ്റ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിക്കവേ ടി നഗരസഭയിലെ ബസ് സ്റ്റാൻഡ് യാർഡ്, അപ്രോച്ച് റോഡു ടാറിംഗ്, മെറ്റലിംഗ്, പേവിംഗ് എന്നീ പ്രവൃത്തികൾക്ക് 7,15,000/- രൂപയുടെ അടങ്കൽ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയ ശേഷം ടെണ്ടർ നടപടിക്രമം പൂർത്തീകരിച്ച് കരാറുകാരനായ ശ്രീ റ്റി. സുരേഷ് ബാബുവിനെ ടി പ്രവൃത്തി ഏൽപ്പിക്കുകയും കരാറുകാരൻ 11.12.2003-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിയുടെ ഗ്യാരന്റി പീരിയഡ് 10.06.2005-ൽ മാത്രമേ അവസാനിക്കുകയുള്ളൂ എന്നിരിക്കെ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് റോഡിന് സംഭവിച്ച കേടുപാടുകൾ ആദ്യത്തെ കരാറുകാരനായ ശ്രീ റ്റി. സുരേഷ് ബാബുവിനെക്കൊണ്ട് ചെയ്യിപ്പിക്കാതെ അപ്രോച്ച് റോഡിന്റെ മെറ്റലിംഗ്, റീ ടാറിംഗ് പ്രവൃത്തിയ്ക്ക് വീണ്ടും 49,600/- രൂപയ്ക്ക് അടങ്കൽ തയ്യാറാക്കി 01.12.2004-ൽ ടി റോഡിന്റെ അറ്റക്കുറ്റപ്പണികൾ സാലു എബ്രഹാം എന്ന പുതിയ കരാറുകാരനെ ഏൽപ്പിക്കുകയും ടിയാൻ ടി പ്രവൃത്തി 23.03.2005-ൽ പൂർത്തീകരിക്കുകയുമുണ്ടായി. ഡോ.സാംജി ഡേവിഡിന്റെ മേൽ പറഞ്ഞ പ്രവൃത്തിമൂലം കൽപ്പറ്റ നഗരസഭയ്ക്ക് 4,05,961/- രൂപയുടെ നഷ്ടം സംഭവിച്ചതായി കണ്ടെത്തുകയും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ ഡയറക്ടർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശുപാർശ ചെയ്തതിന്റേയും അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും 21.03.2011 -ൽ കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

(2) തനിക്കെതിരെ ആരോപിച്ചിരിക്കുന്ന ബസ് സ്റ്റാന്റ് യാർഡ് അപ്രോച്ച് റോഡും മെറ്റലിംഗ് പേവിംഗ് എന്ന 7,15,000/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം 04.05.2004 ലാണ് കൽപ്പറ്റ നഗരസഭാ സെക്രട്ടറിയായി താൻ ചുമതല ഏറ്റതെന്നും PW 727/01 എന്ന നമ്പറിലുള്ള ഫയൽ (ടി പ്രവൃത്തി 29.01.2001-ൽ ആരംഭിച്ച് 11.12.2003-ൽ അവസാനിക്കുകയും 20.12.2003-ൽ ബിൽ സംഖ്യ നൽകിയതായും രേഖപ്പെടുത്തിയത്) താൻ കാണുകയോ,ഫയലിനെക്കുറിച്ച് യാതൊരു അറിവുമില്ല എന്നും ഡോ.സാംജി ഡേവിഡ് സമർപ്പിച്ച പ്രതിവാദ പത്രികയിൽ ഉന്നയിച്ചിരുന്നു. കൂടാതെ 2004-05-ലെ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ബസ് സ്റ്റാൻഡിലെ നവീകരണ പ്രവൃത്തി, വാർഡു സഭ/കൗൺസിൽ ശുപാർശ ചെയ്തപ്പോൾ, നിർദ്ദിഷ്ട സ്ഥലത്ത് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും PW 727/01-ാം നമ്പർ ഫയൽ പ്രകാരം സമാന രീതിയിലുള്ള പ്രവൃത്തി മാസങ്ങൾക്ക് മുമ്പ് നടന്നിരുന്ന വിവരവും ആയതിന്റെ കരാർ കാലാവധി സംബന്ധിച്ച വിവരവും എഞ്ചിനീയറിംഗ് വിഭാഗം മന.പൂർവ്വം മറച്ചുവെച്ചതാണെന്നും, പ്രവൃത്തി ടെണ്ടർ ചെയ്തതിന് സെക്ഷൻ ക്ലാർക്ക്, ഹെഡ്ക്ലാർക്ക്, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ ശുപാർശയോടെയാണ് പ്രവൃത്തി

നടപ്പിലാക്കിയതെന്നും അല്ലാതെ മുൻ കരാറുകാരനെ സഹായിക്കുവാൻ വേണ്ടി ബോധപൂർവ്വം യാതൊന്നും ചെയ്തിട്ടില്ല എന്നും ഡോ.സാംജി ഡേവിഡ് അവകാശപ്പെട്ടു. മേൽപ്പറഞ്ഞ കൃത്യവിലോപത്തിന് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരാണ് ഉത്തരവാദികളെന്നും ആയതിന് ടിയാന്മാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും തനിക്കെതിരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളിൽ നിന്നും വിമുക്തനാക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

(3) ഡോ. സാംജി ഡേവിഡ് 04.05.2004 മുതൽ 06.07.2005 വരെയുള്ള കാലയളവിലാണ് കൽപ്പറ്റ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും സാലു എബ്രഹാമിന്റെ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ച നടപടിയ്ക്കായി വിവരം രേഖപ്പെടുത്തി സമർപ്പിക്കവേയാണ് ബന്ധപ്പെട്ട ഫയൽ നം.ഇ 11553/04, ടിയാൻ ആദ്യമായി (12.10.2004) കണ്ട് ഒപ്പ് വച്ചിട്ടുള്ളതെന്നും PW 727/01-൦൦ം നമ്പർ ഫയൽ പ്രകാരം നടത്തിയ പ്രവൃത്തി സംബന്ധിച്ച വിവരങ്ങളെന്തെങ്കിലും ഇ.11553/04 നമ്പർ ഫയലിന്റെ ഉത്ഭവത്തിനും ബന്ധപ്പെട്ട പ്രവൃത്തിയ്ക്കും കാരണമായ പദ്ധതിയുടെ നിർവ്വഹണത്തിനു മുമ്പായോ, നിർവ്വഹണ വേളയിലോ ടിയാന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നും മുമ്പ് നടന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരം നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യത്തിൽ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെന്നും ബന്ധപ്പെട്ട ഫയലുകളിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റല്ലാതെ കൃത്യമായ സ്ഥാനങ്ങൾ സംബന്ധിച്ച് വിവരണം കണ്ടെത്താനായിട്ടില്ലെന്നും നഗരസഭയുടെ പുതിയ ബസ് സ്റ്റാന്റ് കഴിഞ്ഞ അഞ്ചു വർഷത്തിനകം ബി.ഒ.ടി അടിസ്ഥാനത്തിൽ നവീകരിച്ച് ഉപയോഗിച്ചുവരുന്നതിനാൽ അതിനു മുമ്പ് നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച് ഭൗതികമായി പരിശോധിച്ച് വസ്തുതകൾ കണ്ടെത്താൻ പ്രയാസമായതിനാൽ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം നഷ്ടം സംബന്ധിച്ച നിഗമനത്തിൽ എത്തിച്ചേരുന്നതിന് ഔചിത്യക്കുറവ് ഉള്ളതിനാലും ഡോ.സാംജി ഡേവിഡിന്റെ പ്രതിവാദ പത്രിക പരിഗണിച്ച് ടിയാനെ കുറ്റവിമുക്തനാക്കണമെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി. നഗരസഭയിലെ പദ്ധതി രൂപീകരണ സംവിധാനം ഭരണസമിതി ഉദ്യോഗസ്ഥ സംവിധാനം എന്നിവയെ മൊത്തത്തിൽ പരിഗണിച്ചുകൊണ്ടും വിശ്വാസത്തിലെടുത്തുകൊണ്ടും വേണം നഗരസഭാ സെക്രട്ടറിയ്ക്ക് ഭരണപരവും നിർവ്വഹണപരവുമായ നടപടിയിൽ മുന്നോട്ടുപോവാൻ എന്നതിനാലും പദ്ധതികളിൽ സിംഹഭാഗത്തിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥൻ ആ കാലയളവിൽ നഗരസഭാ സെക്രട്ടറി തന്നെ ആയിരിക്കെ ഓരോ പദ്ധതിയുടേയും അനിവാര്യത പരിശോധിക്കുക എന്നത് പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമായതിനാലും ഡോ.സാംജി ഡേവിഡിന്റെ മറുപടി പരിഗണനാർഹമാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. (ഇതേസമയം

തനിക്കെതിരായ അച്ചടക്കനടപടികൾ തീർപ്പാക്കണമെന്നപേക്ഷിച്ച് ശ്രീ. സാംജിഡേവിഡ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 803/2014 കേസിലെ 11.02.2015-ലെ ഉത്തരവിൽ ടിയാനെതിരായി സർക്കാരിൽ നിലവിലുള്ള 4- കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.)

(4) 29.09.2016 തീയതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി, ഡോ. സാംജി ഡേവിഡിനെ നേരിൽ കേൾക്കുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നഷ്ടപ്പെട്ടിട്ടുള്ളതാണെന്നും ആയതിന് പിന്നിൽ ടി ഓഫീസിലെ ജീവനക്കാർക്ക് പങ്കുണ്ടെന്നും ടിയാൻ ഹിയറിംഗ് സമയത്ത് ബോധിപ്പിച്ചു. കൂടാതെ മെമ്മോയിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾ നിയമപരമായും വസ്തുതാപരമായും നിലനിൽക്കുന്നതല്ലെന്നും ആയതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഫയൽ കാണാതായതിന് പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു .

(5) ടിയാന്റെ പ്രതിവാദപത്രികയിലെ വാദഗതികൾ തൃപ്തികരമല്ലാത്തതിനാൽ ഈ വിഷയത്തിൽ കെ.സി.എസ് (CC&A) ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) പരാമർശം 5 പ്രകാരം ചുമതലപ്പെടുത്തുകയും സമർപ്പിച്ച റിപ്പോർട്ടിൽ 21.03.2011 തീയതിയിലെ 45833/ഇ.യു1/06 നമ്പർ കുറ്റാരോപണ മെമ്മോയിലേയും, പത്രികയിലേയും ആരോപണങ്ങൾ എല്ലാം തന്നെ ടിയാനെതിരെ തെളിഞ്ഞിട്ടില്ലായെന്നും ടിയാന്റെ ഭാഗത്ത് നിന്നും അച്ചടക്ക ലംഘനവും സാമ്പത്തിക ക്രമക്കേടും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയും ഉള്ളതായി കാണുന്നില്ല എന്നും എന്നിരുന്നാലും കൽപ്പറ്റ നഗരസഭാ സെക്രട്ടറിയായിരിക്കെ മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് മുമ്പ് ഗ്യാരണ്ടി പീരിയഡ് നിലനിൽക്കുന്ന മറ്റൊരു പ്രവൃത്തി പ്രവൃത്തിക്കാധാരമായ സ്ഥലത്ത് നടന്നിരുന്നു എന്ന കാര്യം തനിക്കറിയാമായിരുന്നില്ല എന്ന സാംജി ഡേവിഡിന്റെ വാദഗതി നഗരസഭാ സെക്രട്ടറിയെന്ന നിലയിൽ പൂർണ്ണമായും അംഗീകരിക്കാവുന്നതല്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടേയും Enquiry Authority യുടേയും റിപ്പോർട്ടുകളിൽ ഡോ.സാംജി ഡേവിഡിന്റെ ഭാഗത്ത് നിന്നു സാമ്പത്തിക ക്രമക്കേടുകൾ ഉള്ളതായി സൂചിപ്പിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, എസ്റ്റിമേറ്റ് രജിസ്റ്റർ മുതലായവ നിയമാനുസരണം എഴുതി സൂക്ഷിക്കുവാൻ നിയുക്തരും ബാദ്ധ്യസ്ഥരുമായ വർക്ക് സൂപ്രണ്ട്, ഓവർസിയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ

11.12.2003-ൽ ബസ് സ്റ്റാന്റിൽ ടിയാന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടന്ന പ്രവൃത്തിയെക്കുറിച്ചുമുള്ള വിവരം മന.പൂർവ്വം മറച്ചുവെച്ചതിനാലാണ് പുതിയ പ്രവൃത്തി അംഗീകരിക്കുവാൻ ഇടയായത് എന്ന ഡോ.സാംജി ഡേവിഡിന്റെ വാദം അംഗീകരിക്കാനാവില്ല. പുതിയ പ്രവൃത്തി കരാറാക്കുന്നതിന് മുമ്പ് പഴയ ഫയലുകൾ പരിശോധിച്ചില്ല എന്നത് ഡോ.സാംജി ഡേവിഡിന്റെ വീഴ്ചയാണ്. എന്നിരുന്നാലും ഇക്കാര്യത്തിൽ ടിയാൻ മന.പൂർവ്വം വീഴ്ച വരുത്തിയതായി കാണുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(6) മേൽ സാഹചര്യത്തിൽ ഡോ.സാംജി ഡേവിഡിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി 1960 -ലെ KCS(CC&A) Rule ന്റെ റൂൾ 11(1) (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലപ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് തീർപ്പാക്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും പരാമർശം 6 ലെ കാരണം കാണിക്കൽ നോട്ടീസ് മുഖാന്തിരം അക്കാര്യം ടിയാനെ അറിയിക്കുകയുമുണ്ടായി. കാരണം കാണിക്കൽ നോട്ടീസിലെ വാദങ്ങൾ നിഷേധിച്ചുകൊണ്ട് ഡോ.സാംജി ഡേവിഡ് വീണ്ടും നിവേദനം സമർപ്പിച്ചു.

(7) ഡോ.സാംജി ഡേവിഡിന് എതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം തേടിയപ്പോൾ ഡോ.സാംജി ഡേവിഡിനെതിരെയുള്ള അച്ചടക്ക നടപടിയിന്മേൽ VACB ഡയറക്ടർ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി മാത്രമാണ് നിർദ്ദേശിച്ചതെന്നും, വകുപ്പ് ഡയറക്ടർ ടിയാന്റെ പ്രതിവാദ പത്രിക പരിഗണിച്ച് ടിയാനെ കുറ്റവിമുക്തനാക്കാൻ നിർദ്ദേശിച്ചിരുന്നുവെന്നും, ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ സാംജി ഡേവിഡിന്റെ ഭാഗത്തുനിന്നും സാമ്പത്തിക ക്രമക്കേടുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്നും കമ്മീഷൻ വീക്ഷിച്ചു. നടപടി ക്രമങ്ങൾ പൂർത്തിയാക്കി അച്ചടക്ക നടപടി സംബന്ധിച്ച് സർക്കാരിന്റെ താൽക്കാലിക തീരുമാന സഹിതം ബഹു.കമ്മീഷന്റെ ഉപദേശം തേടുവാൻ കമ്മീഷൻ നിർദ്ദേശിച്ചു.

(8) ഡോ.സാംജി ഡേവിഡ് 31.01.2019 തീയതിയിൽ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരായ അച്ചടക്ക നടപടി KSR Part III Rule 3 പ്രകാരം തുടരുന്നതിനും ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ (അഞ്ഞൂറു രൂപ) മൂന്നു വർഷത്തേയ്ക്ക് കുറവു ചെയ്യുന്നതിനും തീരുമാനമെടുത്ത് പരാമർശം 8 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ആയതിന് ശ്രീ.സാംജി ഡേവിഡ് സമർപ്പിച്ച മറുപടിയിൻമേൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ - സുരേഷ് ബാബു എന്ന കരാറുകാരൻ ചെയ്ത 2002-03 ലെ

പ്രവർത്തിയ്ക്ക് ഗ്യാരണ്ടി പീരിയഡിനുള്ളിൽ കേടുപാടുകൾ സംഭവിച്ചതായി തെളിയിക്കുന്ന ഒരു റിപ്പോർട്ടോ കണ്ടെത്തലോ എൻക്വയറി ഓഫീസർ തന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും, അതുപോലെ സുരേഷ് ബാബു പ്രവർത്തി ചെയ്തിരുന്ന അതേ സ്ഥലത്ത് (വർക്ക് സൈറ്റ്) തന്നെയാണോ 04-05 ൽ സാലു എബ്രഹാം എന്ന കരാറുകാരനും പ്രവർത്തി ചെയ്തത് എന്ന് എൻക്വയറി ഓഫീസർ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ലായെന്നും ഉന്നയിച്ച ആരോപണം ശരിയാകണമെങ്കിൽ ഇരു പ്രവർത്തികളും ഒരേ സൈറ്റിൽ തന്നെ നടക്കണം അതോടൊപ്പം രണ്ടാമത്തെ പ്രവർത്തി ഒന്നാമത്തേതിന്റെ കരാർ ആയിരിക്കണം നടത്തേണ്ടതെന്നും, എന്നാൽ ഇരു പ്രവർത്തികളും ഒരേ സൈറ്റിൽ ആണ് നടന്നതെന്നോ, സാലു എബ്രഹാം ചെയ്ത പ്രവർത്തി ആദ്യ പ്രവർത്തിയുടെ ഗ്യാരണ്ടി പീരിയഡ് അവസാനിക്കുന്നതിന് മുൻപ് അതേ സൈറ്റിൽ തന്നെ ആണെന്നോ, ആദ്യ പ്രവർത്തിയിൽ കേടുപാടുകൾ സംഭവിച്ചിരുന്നെന്ന് തെളിയിക്കുവാനോ സ്ഥാപിക്കുവാനോ കഴിഞ്ഞിട്ടില്ലാത്തതിനാൽ തുടർനടപടി അവസാനിപ്പിക്കേണ്ടതാണെന്നും ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നേരിൽ സമർപ്പിക്കുവാൻ താൽപര്യമുണ്ടെന്ന് ടിയാന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ടെന്നും 13 വർഷത്തിലധികമായ ഈ വിഷയം സംബന്ധിച്ച് അന്വേഷണ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലായെന്നത് കണക്കിലെടുത്ത് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടു.

(9) മേൽ സാഹചര്യത്തിൽ 17.03.2023 ന് ഡോ.സാംജി ഡേവിഡിനെ നേരിൽ കേട്ടു. ഹിയറിംഗിന് വേളയിൽ നഗരകാര്യ ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടും ഹാജരായിരുന്നു.

(10) ഹിയറിംഗിൽ കാരണം കാണിക്കൽ നോട്ടീസിലെ എല്ലാ ആരോപണങ്ങളും ശ്രീ സാംജി ഡേവിഡ് നിഷേധിച്ചു. കൃത്യവിലോപത്തിന് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരാണ് ഉത്തരവാദികളെന്നും ആയതിന് ടിയാന്മാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും, കൂടാതെ 2004-05 ൽ സാലു എബ്രഹാം എന്ന കരാറുകാരൻ ചെയ്ത പ്രവർത്തി ആദ്യ പ്രവർത്തിയുടെ ഗ്യാരണ്ടി പീരിയഡ് അവസാനിക്കുന്നതിന് മുൻപ് അതേ സൈറ്റിൽ തന്നെ ആണെന്നോ, ആദ്യ പ്രവർത്തിയിൽ കേടുപാടുകൾ സംഭവിച്ചിരുന്നെന്നോ തെളിയിക്കുവാനോ സ്ഥാപിക്കുവാനോ കഴിഞ്ഞിട്ടില്ലാത്തതിനാൽ തനിക്കെതിരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളിൽ നിന്നും വിമുക്തനാക്കണമെന്നും തുടർനടപടി അവസാനിപ്പിക്കണമെന്നും ടിയാൻ സർക്കാരിനോട് അപേക്ഷിച്ചു.

(11) സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെയും Enquiry Authority യുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൻ പ്രകാരം കുറ്റാരോപണ മെമ്മോയിലേയും, പത്രികയിലേയും ആരോപണങ്ങൾ എല്ലാം തന്നെ സാംജി. ഡേവിഡിനെതിരെ തെളിഞ്ഞിട്ടില്ല, ടിയാന്റെ ഭാഗത്ത് നിന്നും അച്ചടക്ക ലംഘനവും സാമ്പത്തിക ക്രമക്കേടും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ മന:പ്പൂർവ്വമായ വീഴ്ചയും ഉള്ളതായി കാണുന്നില്ല എന്നതിനാലും കൂടാതെ, VACB ഡയറക്ടർ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി മാത്രമാണ് നിർദ്ദേശിച്ചതെന്നും, വകുപ്പ ഡയറക്ടർ ടിയാന്റെ പ്രതിവാദ പത്രിക പരിഗണിച്ച് ടിയാനെ കുറ്റവിമുക്തനാക്കാൻ നിർദ്ദേശിച്ചിരുന്നുവെന്നും, ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ സാംജി ഡേവിഡിന്റെ ഭാഗത്തുനിന്നും സാമ്പത്തിക ക്രമക്കേടുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്നും കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ അഭിപ്രായപ്പെട്ട സാഹചര്യത്തിലും ശ്രീ സാംജി. ഡേവിഡിനെതിരായ അച്ചടക്ക നടപടിയിൽ തുടർ നടപടികൾ ഒഴിവാക്കി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.

ഡയറക്ടർ,തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് തിരുവനന്തപുരം.

ശ്രീ.സാംജി ഡേവിഡ്, മുനിസിപ്പൽ സെക്രട്ടറി (റിട്ട) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തൃശ്ശൂർ

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 03-06-2023 14:43:57

സെക്ഷൻ ഓഫീസർ